**അനുബന്ധം**

പതിനഞ്ചാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ
26-06-2024-ലെ നക്ഷത്രചിഹ്നമിടാത്ത 3280-ാം നമ്പർ ചോദ്യത്തിന്റെ
തിരുത്തിയ ഉത്തരം

## സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ വേതനം കാലോചിതമായി പരിഷ്കരിക്കാൻ നടപടി

(3280) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്ക് പാഠ്യ-പഠ്യേതര പ്രവർത്തനങ്ങളിൽ പിന്തുണ നൽകുന്നതിന് സമഗ്ര ശിക്ഷാ പദ്ധതിയിൻകീഴിൽ കരാർ വ്യവസ്ഥയിൽ പ്രവർത്തിച്ചുവരുന്ന സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ വേതനം കാലോചിതമായി പരിഷ്കരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) എല്ലാ പൊതുവിദ്യാലയങ്ങളിലും സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ സ്ഥിരമായി നിയമിക്കണമെന്ന് 28-10-2021-ന് പുറപ്പെടുവിച്ച സുപ്രീംകോടതി വിധി (ഡബ്ല്യു.പി.(സി.) 132/2016) സംസ്ഥാനത്ത് നടപ്പാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ പ്രോജക്ട് അപ്രൂവൽ ബോർഡ് അംഗീകരിച്ച് നൽകുന്ന തുകയാണ് സമഗ്ര ശിക്ഷാ കേരള മുഖേന സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് വേതനമായി നൽകുന്നത്. നിലവിൽ എലിമെന്ററി സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസം 20,000/- രൂപയും സെക്കണ്ടറി സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസം 25,000/- രൂപയും നൽകിവരുന്നു. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം നിശ്ചയിച്ച പ്രകാരം നൽകാവുന്ന പരമാവധി തുകയാണിത്. പ്രോജക്ടിന്റെ ഭാഗമായി അധിക ശമ്പളം ലഭ്യമാക്കണമെങ്കിൽ പുതിയ പദ്ധതി വർഷങ്ങളിൽ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം വേതനം പുതുക്കി നിശ്ചയിച്ച് നൽകേണ്ടിവരും. 2024-25-ലെ പി.എ.ബി. മീറ്റിംഗിൽ ഇക്കാര്യം

ചർച്ച ചെയ്തിരുന്നു എങ്കിലും വേതന വർദ്ധന സാധ്യമല്ലെന്ന നിലപാടാണ് കേന്ദ്രം സ്വീകരിച്ചത്.

(ബി) ബഹു. സുപ്രീം കോടതിയുടെ 28-10-2021-ലെ WP Civil 132/2016 നമ്പർ കേസിന്റെ വിധിന്യായത്തിൽ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ പൊതുവിദ്യാലയങ്ങളിൽ സ്ഥിരമായി നിയമിക്കണമെന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ സമഗ്ര ശിക്ഷാ കേരളം ഒരു പ്രോജക്ട് ആയതിനാൽ സ്ഥിരനിയമനം അപ്രായോഗികമാണ്. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിൽനിന്ന് നിർദ്ദേശങ്ങൾ ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**സബ്മിഷൻ**

**ശ്രീ. കുറുക്കോളി മൊയ്തീൻ എം.എൽ.എ. ഉന്നയിച്ച സബ്മിഷന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) നൽകിയ മറുപടി**

a) KPBR 2019 ചട്ടം 26 Table 4-ൽ 10 മീറ്റർ വരെ ഉയരമുള്ള വീടുകൾക്ക് പ്ലോട്ട് അതിർത്തിയിൽനിന്നും നൽകേണ്ട സെറ്റ് ബാക്കുകൾ വിശദമാക്കിയിട്ടുണ്ട്. ആയതുപ്രകാരം Front-3 മീറ്റർ, Rear-1.5 മീറ്റർ, Sides-1.00 മീറ്റർ എന്നിങ്ങനെയാണ്. കൂടാതെ KPBR 2019 ചട്ടം 23(2)പ്രകാരം NH, SH, district road, roads notified under 220(b) of Kerala Panchayat Raj Act 1994, 6 മീറ്ററോ അതിൽ കൂടുതൽ വീതിയുള്ള other unnotified roads-ന്റെ അതിർത്തിയിൽനിന്നും 3 മീറ്ററും 6 മീറ്ററിൽ അധികരിക്കാത്ത വീതിയുള്ള other unnotified roads എന്നിവയുടെ അതിർത്തിയിൽനിന്നും 2 മീറ്ററും ലഭ്യമാക്കിയാണ് 10 മീറ്റർവരെ ഉയരമുള്ള വീടുകളുടെ നിർമ്മാണം നടത്തേണ്ടത്. ഭാവിയിലുള്ള റോഡ് വൈഡനിംഗ്, നിർമ്മാണത്തിന്റെയും അത്

ഉപയോഗിക്കുന്നവരുടെയും സുരക്ഷ എന്നിവ കണക്കിലെടുത്താണ് പ്രസ്തുത 3 മീറ്റർ, 2 മീറ്റർ എന്നിവ നിഷ്കർഷിച്ചിട്ടുള്ളത്.

KPBR 2019 ചട്ടം 49.1 (3) (2) പ്രകാരം Category II പഞ്ചായത്തിലെ 100 ച.മീ. വരെയുള്ള ഏക കുടുംബ വാസഗൃഹങ്ങൾക്ക്, NH, SH, district road, roads notified by Panchayat എന്നിവയുടെ അതിർത്തിയിൽനിന്നും 1.5m അകലം പാലിച്ച് നിർമ്മാണം നടത്താവുന്നതാണ്.

KPBR 2019 ചട്ടം 54 (1) പ്രകാരം, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കുള്ള സർക്കാർ അംഗീകൃത പദ്ധതികളിൽ ഉൾപ്പെടുന്ന വാസഗൃഹ നിർമ്മാണങ്ങൾക്ക് NH, SH, district road, roads notified by Panchayat, 6 മീറ്ററിൽ അധികരിക്കാത്ത വീതിയുള്ള other unnotified roads എന്നിവയല്ലാത്ത റോഡുകളുടെ അതിർത്തിയിൽനിന്നും 1.5m അകലം പാലിച്ച് നിർമ്മാണം നടത്താവുന്നതാണ്.

b) കഴിഞ്ഞ 20 വർഷത്തിനിടയിൽ (1999-2019) പെർമിറ്റ് ഫീസിൽ വന്നിട്ടുള്ള വർദ്ധനവ് വളരെ നാമമാത്രമാണ്. ഈ കാലയളവിൽ തദ്ദേശ സ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങളും നൽകുന്ന സേവനങ്ങളുടെ

ഗുണനിലവാരവും ഗണ്യമായി മെച്ചപ്പെട്ടിട്ടുണ്ട്. കൂടാതെ സേവനങ്ങൾ നൽകുന്നതിനുള്ള തദ്ദേശ സ്ഥാപനങ്ങളുടെ ചെലവും പലമടങ്ങ് വർദ്ധിച്ചിട്ടുണ്ട്. നിക്ഷേപത്തിന്റെ വ്യാപ്തിയും വരുമാനവും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിനും അടിസ്ഥാന സൗകര്യ സേവന വിതരണം മെച്ചപ്പെടുത്തുവാനുമായി കെട്ടിട നിർമ്മാണ അപേക്ഷ ഫീസും പെർമിറ്റ് ഫീസും കാലാനുസൃതമായി വർദ്ധിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് സർക്കാർ തീരുമാനം. 80 Sq.m താഴെ വിസ്തൃതിയുള്ള കെട്ടിടങ്ങൾക്കു ഫീസ് കൂട്ടിയിട്ടുമില്ല. ഈ വർദ്ധിപ്പിച്ച ഫീസ് നിരക്ക് മറ്റുസംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവാണ്. പെർമിറ്റ്, അപേക്ഷ ഫീസ് വർദ്ധന സർക്കാരിന്റെ നയപരമായ തീരുമാനമാണ്.

കെട്ടിട നിർമ്മാണ സെസ്സ് നിർണ്ണയിക്കുന്നതും പിരിച്ചെടുക്കുന്നതും കേന്ദ്ര നിയമപ്രകാരമുള്ള 1996-ലെ സെസ്സ് ആക്ടിന്റെയും 1998-ലെ സെസ്സ് റൂളിന്റെയും അടിസ്ഥാനത്തിലാണ്.

1996-ലെ ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് നിയമവും 1998-ലെ ചട്ടങ്ങളും പ്രകാരം നിർമ്മാണം പൂർത്തീകരിച്ച ഗാർഹിക വാണിജ്യ കെട്ടിടങ്ങൾക്ക് (സ്വന്തം താമസത്തിന് ഉപയോഗിക്കുന്നതും 10 ലക്ഷം രൂപയിൽ താഴെ നിർമ്മാണ ചെലവ് വരുന്നതുമായ ഗാർഹിക കെട്ടിടങ്ങൾ ഒഴികെ) ആകെ നിർമ്മാണ ചെലവിന്റെ ഒരു ശതമാനത്തിൽ കുറയാത്തതും പരമാവധി രണ്ട് 2 ശതമാനത്തിൽ കൂടാത്തതുമായ തുക ഉടമയിൽനിന്നും സെസ്സ് ആയി ചുമത്തി പിരിച്ചെടുക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ സംസ്ഥാനത്ത് നിർമ്മാണ ചെലവിന്റെ ഒരു ശതമാനം തുക മാത്രമാണ് സെസ്സായി പിരിച്ചെടുക്കുന്നത്. ടി തുക കെട്ടിട നിർമ്മാണ തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചുവരുന്നു.

കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമബോർഡ് നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി 1996-ലെ ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് നിയമവും 1998-ലെ കേന്ദ്ര ചട്ടങ്ങളും പ്രകാരം തൊഴിൽ വകുപ്പ് മുഖേന പിരിച്ചുവരുന്ന സെസ്സ് തദ്ദേശസ്വയംഭരണ

വകുപ്പ് വഴി പിരിച്ചെടുക്കുന്നതിനായി 14-02-2024-ലെ സ.ഉ.(കൈ) നം.23/2024/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. ടി ഉത്തരവുപ്രകാരം സെസ്സ് പിരിവ് ഒറ്റ ഘട്ടമായി ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകുന്നതിന് മുമ്പുതന്നെ പിരിച്ചെടുക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ സോഫ്റ്റ്‌വെയർ ആയ കെ-സ്മാർട്ടിൽ സെസ്സ് പിരിക്കുന്നതിനാവശ്യമായ മൊഡ്യൂൾ വികസിപ്പിക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷനെ ചുമതലപ്പെടുത്തിയിട്ടുള്ളതും ഇതുസംബന്ധിച്ച നടപടികൾ അവസാന ഘട്ടത്തിലുമാണ്.

ശ്രീ. ടി. വി. ഇബ്രാഹിം എം.എൽ.എ. ഉന്നയിച്ച സബ്മിഷന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) നൽകിയ മറുപടി

തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആരോഗ്യസ്ഥാപനങ്ങളിൽ ചികിത്സയോടൊപ്പം ആവശ്യമായി വരുന്ന മരുന്നുകൾ ആരോഗ്യവകുപ്പ് വാങ്ങി നൽകുന്നുണ്ട്. ഇത് അപര്യാപ്തമാകുന്ന സാഹചര്യങ്ങളിൽ ആവശ്യമായ മരുന്ന് വാങ്ങി വിതരണം ചെയ്യുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രത്യേക സാഹചര്യത്തിൽ നിർദ്ധനരോഗികൾ ബുദ്ധിമുട്ട് നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഡയാലിസിസിന് വിധേയരായവർ, അവയവം മാറ്റിവച്ചവർ, അർബുദരോഗ ബാധിതർ എന്നിവർക്ക് ആവശ്യമായ ജീവൻരക്ഷാ മരുന്നുകൾ ബ്രാൻഡഡ് പേര് അനുസരിച്ച് വാങ്ങി നൽകാൻ 30-04-2020-ലെ സ.ഉ.(കൈ)നം.69/2020/ത.സ്വ.ഭ.വ. ഉത്തരവുപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയത്. മരുന്നുകൾ മുടങ്ങിയാൽ ഇത്തരം രോഗികളുടെ ജീവൻ അപകടത്തിലാകും എന്നതിനാലാണ് കോവിഡ്

പ്രതിരോധ പ്രവർത്തനത്തിന്റെകൂടി ഭാഗമായി ഇപ്രകാരം സർക്കാർ തീരുമാനമെടുത്തത്. അടിയന്തര സ്വഭാവത്തോടെ പുറപ്പെടുവിച്ച ഈ ഉത്തരവ് ആ കാലയളവിലേക്കുമാത്രം നൽകിയിരുന്ന ഒരു അനുമതിയാണ്.

കോവിഡ് മഹാമാരിയുടെ കാലം കഴിഞ്ഞതിനാൽ ഇതേ രീതി തുടരേണ്ട സാഹചര്യമില്ല. മുൻകാലങ്ങളിലെപ്പോലെ സാധാരണ രീതിയിലുള്ള ആരോഗ്യ പരിരക്ഷാ പ്രവർത്തനം പ്രദാനംചെയ്യുന്ന രീതിയിലേക്ക് തദ്ദേശ സ്ഥാപനങ്ങൾ ഇതിനകം മാറിയിട്ടുണ്ട്. തന്നെയുമല്ല, അവയവം മാറ്റിവച്ച എല്ലാ രോഗികൾക്കും വിലയേറിയ ഇത്തരം മരുന്നുകൾ വാങ്ങി നൽകുക എന്നത് തദ്ദേശ സ്ഥാപനങ്ങൾക്ക് ഭാരിച്ച ബാധ്യതയുണ്ടാക്കും. ഇത്തരം ചെലവുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുകയാണെങ്കിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രാഥമിക ചുമതലയിൽപ്പെടുന്ന പൊതുജനാരോഗ്യ സേവനം കാര്യക്ഷമമായി നടത്താൻ ബുദ്ധിമുട്ടാകുകയും ചെയ്യും. മറ്റ് സ്പെഷ്യാലിറ്റി ആശുപത്രികളിൽ ചികിത്സ തേടിയവർക്ക് കുടുംബാരോഗ്യകേന്ദ്രം, സാമൂഹികാരോഗ്യകേന്ദ്രം എന്നിവയിലൂടെ തദ്ദേശഭരണ സ്ഥാപനം എല്ലാകാലത്തും മരുന്ന് നൽകുക എന്നത് വിവിധ കാരണങ്ങളാൽ

അപ്രായോഗികമാണ്. നിർധനരായ അവയവം മാറ്റിവച്ചവർക്ക് ഡോക്ടർമാർ എഴുതി നൽകുന്ന മരുന്ന് വിതരണം ചെയ്യുന്നതിനുള്ള വിവിധ നടപടികൾ ആരോഗ്യവകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ഇതിനാലാണ് ആരോഗ്യവകുപ്പിന്റെ അഭിപ്രായത്തിന്റെകൂടി അടിസ്ഥാനത്തിൽ കുടുംബാരോഗ്യ കേന്ദ്രം, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ അടക്കം അതത് ആശുപത്രികൾ പ്രദാനം ചെയ്യുന്ന ചികിത്സയ്ക്കാവശ്യമായതും മെഡിക്കൽ ഓഫീസർമാർ ശിപാർശ ചെയ്യുന്നതുമായ മരുന്നുകളുമാണ് ഈ സ്ഥാപനങ്ങളിൽ ലഭ്യമാക്കേണ്ടതെന്ന് 26-09-2023-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 25-10-2023-ലെ ഡിഎ 1/363/2023/ത.സ്വ.ഭ.വ. നമ്പർ സർക്കുലർപ്രകാരം നിർദ്ദേശം നൽകുകയും ചെയ്തിട്ടുള്ളത്. ഡയാലിസിസിനുള്ള ധനസഹായം നിലവിൽ തുടർന്നുവരുന്നുണ്ട്.

എന്നാൽ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം സർക്കാരിന്റെ ശ്രദ്ധയിലുള്ളതാണ്. അവയവങ്ങൾ മാറ്റിവച്ച രോഗികൾക്കും മറ്റ് ഗുരുതര രോഗങ്ങൾക്ക് ചികിത്സ തേടുന്നവർക്കും മരുന്നിന്റെ ഘടനയിലെ നേരിയ

വ്യത്യാസംപോലും അപകടമുണ്ടാക്കിയേക്കാം എന്ന അഭിപ്രായം ഡോക്ടർമാരിൽനിന്നും വന്നിട്ടുണ്ട്. അതിനാൽ ഗുരുതരരോഗത്തിന് ചികിത്സ തേടുന്നവർക്കും പാലിയേറ്റീവ് രോഗികൾക്കും ആവശ്യമായ ബ്രാൻഡഡ് മരുന്നുകൾ അതത് തദ്ദേശ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആശുപത്രികളിൽ (ചികിത്സ പ്രദാനം ചെയ്യുന്ന ആശുപത്രികളിൽ) വാങ്ങി നൽകുന്ന കാര്യം ആരോഗ്യവകുപ്പുമായി ചർച്ച ചെയ്ത് പിന്നീട് പരിഗണിക്കുന്നതാണെന്നും ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ എം.എൽ.എ. ഉന്നയിച്ച സബ്മിഷന് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) നൽകിയ മറുപടി

കേരളത്തിന്റെ കാർഷികമേഖലയിലെ പ്രധാന കൃഷികളിലൊന്നാണ് കമുക് കൃഷി. അതിനാൽ കാർഷിക സമ്പദ്‌വ്യവസ്ഥയെ സ്വാധീനിക്കുന്ന ഉൽപ്പന്നങ്ങളിലൊന്നായി അടയ്ക്കയെ പരിഗണിക്കുകയും ചെയ്യുന്നു. ഉത്തര കേരളത്തിൽ കമുക് കൃഷി വളരെ പ്രധാനപ്പെട്ട ഒന്നാണ്. രാജ്യത്തെ അടയ്ക്ക ഉൽപ്പാദനത്തിൽ നമ്മുടെ സംസ്ഥാനം രണ്ടാം സ്ഥാനത്താണ്. കേരളത്തിൽ 94085 ഹെക്ടർ സ്ഥലത്ത് കമുക് കൃഷി ചെയ്യുന്നുണ്ട്. വാർഷിക ഉൽപ്പാദനം ഒരുലക്ഷം ടണ്ണാണ്.

കേരളത്തിലെ കമുക് കർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ ഇറക്കുമതിയും മഹാളി, മഞ്ഞളിപ്പ് തുടങ്ങിയ രോഗങ്ങളുമാണ്. ഇറക്കുമതിമൂലം അടയ്ക്കയുടെ വിലയിൽ കുറവുണ്ടാകുകയും ഉൽപ്പാദന ചെലവിനനുസരിച്ച് വില വർദ്ധനവ് കർഷകന് ലഭ്യമാകാതെ വരികയും ചെയ്യുന്നുണ്ട്.

കഴിഞ്ഞ അഞ്ച് വർഷക്കാലയളവിലെ അടയ്ക്ക ഇറക്കുമതി സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കുമ്പോൾ 2019-20 മുതൽ 2022-23 വരെ വൻ

വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. 2019-20-ൽ 16761 മെട്രിക് ടൺ ഇറക്കുമതി ചെയ്തപ്പോൾ 2022-23-ൽ അത് 73982 മെട്രിക് ടൺ ആയിട്ടുണ്ട്. കമുക് കർഷകരെ ദോഷകരമായി ബാധിക്കുന്ന ഇറക്കുമതി നയങ്ങൾ തിരുത്താൻ കേന്ദ്ര സർക്കാർ തയാറാകാത്തത് പ്രതിഷേധാർഹമാണ്.

അടയ്ക്കയുടെ അനധികൃത ഇറക്കുമതി മറ്റൊരു സുപ്രധാന പ്രശ്നമാണ്. ഇത് തടയുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും കേന്ദ്രസർക്കാരാണ്. 2023-24-ൽ രാജ്യത്ത് അനധികൃതമായി ഇറക്കുമതി ചെയ്യാൻ ശ്രമിച്ച 6760.8 മെട്രിക് ടൺ അടയ്ക്ക പിടിച്ചെടുത്തതായി റിപ്പോർട്ടുണ്ട്. ഡയറക്ടറേറ്റ് ഓഫ് റവന്യൂ ഇന്റലിജന്റ്സ് മുഖേന സെൻട്രൽ ബോർഡ് ഓഫ് ഇൻഡയറക്ട് ടാക്സസ് ആൻഡ് കസ്റ്റംസ് ആണ് അനധികൃത ഇറക്കുമതി കണ്ടെത്തി നടപടികൾ കൈക്കൊള്ളുന്ന ഏജൻസി. അനധികൃത അടയ്ക്കാ ഇറക്കുമതി സംബന്ധിച്ച് കൂടുതൽ കടുത്ത നടപടികൾ സ്വീകരിക്കാൻ CBIC-യോട് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

കേരളത്തിലെ അടയ്ക്കാ കർഷകർ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ് മഞ്ഞളിപ്പ് രോഗം. കേരളത്തിന്റെ വടക്കൻ ജില്ലകളിൽ മഞ്ഞളിപ്പ്

ഉൾപ്പെടെയുള്ള രോഗങ്ങൾമൂലം കമുക് കർഷകർ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. മഞ്ഞളിപ്പ് രോഗത്തെക്കുറിച്ച് കേരള കാർഷിക സർവകലാശാലയും കാസർഗോഡുള്ള കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവും പഠനങ്ങൾ നടത്തുകയും പരിപാലന മുറകൾ സംബന്ധിച്ച് ശിപാർശ നൽകുകയുമുണ്ടായി. യഥാസമയം ജലസേചനവും പോഷക പരിപാലനവും നടത്തുക, മറ്റേതെങ്കിലും കീടരോഗ ആക്രമണങ്ങൾ ഉണ്ടാകുന്നുണ്ടോയെന്ന് പതിവായി നിരീക്ഷിക്കുക, മഞ്ഞളിപ്പ് ബാധിച്ച തോട്ടങ്ങളിൽനിന്ന് തൈകൾ ശേഖരിക്കാതിരിക്കുക, മണ്ണിന്റെ PH മൂല്യം ന്യൂട്രലായി നിലനിർത്തുക, രോഗം ഗുരുതരമായി ബാധിച്ച തോട്ടങ്ങളിൽനിന്ന് എല്ലാ കമുകുകളും മുറിച്ചുമാറ്റുക, മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലുള്ള വളപ്രയോഗവും നല്ല കാർഷികരീതികളും പിന്തുടരുക തുടങ്ങിയവയാണ് പ്രതിരോധ മാർഗ്ഗങ്ങളായി പഠനത്തിലൂടെ നിർദ്ദേശിച്ചിരിക്കുന്നത്.

കൃഷി വകുപ്പ് ഉദ്യോഗസ്ഥർ, ബ്ലോക്കുതല കൃഷി വിജ്ഞാന കേന്ദ്രം പ്രതിനിധികൾ എന്നിവരടങ്ങുന്ന ഒരു ടീം രോഗം ബാധിച്ച കൃഷിയിടങ്ങൾ സന്ദർശിച്ച് ആവശ്യമായ പ്രതിരോധ നടപടികൾ കൈക്കൊള്ളാൻ നിർദ്ദേശം

നൽകിയിട്ടുണ്ട്. കൂടാതെ വിള ആരോഗ്യ പരിപാലന പദ്ധതി പ്രകാരമുള്ള വിള നിരീക്ഷണ ഉപദേശക സംവിധാനങ്ങളിലൂടെ കർഷകർക്ക് കൃത്യമായ ഉപദേശവും നൽകിവരുന്നുണ്ട്. ഇതിനായി കൃഷി ഉദ്യോഗസ്ഥർക്ക് പുറമേ പെസ്റ്റ് സ്കൗട്ട്മാരും കൃഷിയിടങ്ങളിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ജില്ലകളിൽ രൂപീകരിച്ചിട്ടുള്ള മൾട്ടി ഡിസിപ്ലിനറി ഡയഗനോസ്റ്റിക് ടീമും പ്രതിരോധ നടപടികൾക്ക് നേതൃത്വം നൽകുന്നുണ്ട്.

കവുങ്ങ് നടുന്നതുമുതൽ കായ്ച്ചുതുടങ്ങുന്നതുവരെയുള്ള കാലയളവിലേക്ക് സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രത്യേക ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സംസ്ഥാന പദ്ധതിയായ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗങ്ങളാകുന്ന കർഷകർക്ക് കാലാവസ്ഥാ വ്യതിയാനംമൂലമുള്ള രോഗ കീടബാധകൾക്ക് ഹെക്ടറിന് ഒരുലക്ഷം രൂപവരെ നഷ്ടപരിഹാരം നൽകുന്നുണ്ട്. കൂടാതെ വിവിധ ജില്ലകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുമായി ചേർന്ന് കമുക് കൃഷി പരിപാലനത്തിനായി വിവിധ പിന്തുണകളും നൽകിവരുന്നുണ്ട്.

ശ്രീ. വാഴൂർ സോമൻ എം.എൽ.എ. ഉന്നയിച്ച സബ്മിഷന് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) മേശപ്പുറത്തുവച്ച മറുപടി

2024 ഫെബ്രുവരി, മാർച്ച്, ഏപ്രിൽ എന്നീ മാസങ്ങളിലുണ്ടായ രൂക്ഷമായ വരൾച്ചമൂലം ഇടുക്കി ജില്ലയിലെ ഏലം കൃഷിക്ക് വ്യാപകമായ നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. ഇത് ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർക്കുകയും നേരിട്ട് പരിശോധിക്കുന്നതിനായി ബ്ലോക്കടിസ്ഥാനത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ബന്ധപ്പെട്ട കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ്, ബ്ലോക്കുതല കൃഷി വിജ്ഞാന കേന്ദ്രത്തിലെ കാർഷിക സർവകലാശാല പ്രതിനിധി എന്നിവർ ഉൾപ്പെടുന്ന വിദഗ്ദ്ധ സംഘം രൂപീകരിക്കുകയും ഈ സംഘം സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലെയും വരൾച്ച ബാധിത കൃഷിയിടങ്ങൾ ബ്ലോക്കടിസ്ഥാനത്തിൽ സന്ദർശിച്ച് കാർഷിക വിളകൾക്കുണ്ടായ നഷ്ടം തിട്ടപ്പെടുത്തുകയും ചെയ്തു. കൂടാതെ ഇടുക്കി ജില്ലയിൽ കാർഷിക മേഖലയിലുണ്ടായ നഷ്ടം നേരിട്ടുകണ്ട് മനസ്സിലാക്കാൻ കൃഷിവകുപ്പുമന്ത്രിയും ജലസേചന വകുപ്പുമന്ത്രിയും ഉൾപ്പെടുന്ന സംഘം പ്രസ്തുത

സ്ഥലങ്ങൾ സന്ദർശിക്കുകയും ചെയ്തിരുന്നു. വിദഗ്ധ സംഘം തയാറാക്കിയ സമഗ്ര പഠന റിപ്പോർട്ടും ശിപാർശകളും സർക്കാർ പരിശോധിച്ചുവരുന്നു.

ടി റിപ്പോർട്ടുപ്രകാരം ഇടുക്കി ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ 2024-ൽ വരൾച്ച ബാധിച്ച് 15731 ഹെക്ടർ സ്ഥലത്തെ ഏലം കൃഷി പൂർണ്ണമായും 14789 ഹെക്ടറിലെ കൃഷി ഭാഗികമായും നശിച്ചു. 22311 കർഷകരുടെ കൃഷിയ്ക്കാണ് നാശനഷ്ടം നേരിട്ടത്. 113.54 കോടി രൂപയുടെ പ്രത്യക്ഷ നഷ്ടവും 57.2 കോടി രൂപയുടെ പരോക്ഷ നഷ്ടവും ഉൾപ്പെടെ 170.74 കോടി രൂപയുടെ നഷ്ടമാണ് ഇതിലൂടെ ഉണ്ടായിരിക്കുന്നത്. കൃഷിനാശം കൂടാതെ ഉല്പാദനത്തിലും കാര്യമായ കുറവ് സംഭവിച്ചിട്ടുണ്ട്.

ഇക്കാര്യങ്ങൾ വിലയിരുത്താൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി 03-07-2024-ന് വിളിച്ചുചേർത്ത യോഗത്തിൽ കൃഷിയിടങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനായി സംസ്ഥാന ദുരന്ത നിവാരണ വകുപ്പിന്റെ മിറ്റിഗേഷൻ ഫണ്ടിൽ ഉൾപ്പെടുത്തി അടിയന്തര സഹായം എത്തിക്കാനുള്ള നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. പുനഃകൃഷിക്കായി നടീൽ വസ്തുക്കളുടെ വിതരണം, ജലസേചന അടിസ്ഥാന സൗകര്യ വികസനം, സംയോജിത വള

പ്രയോഗവും കീട നിയന്ത്രണവും, മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവക്കായി പ്രത്യേക ഇടപെടലുകൾ നടത്താനും നിർദ്ദേശിച്ചിട്ടുണ്ട്.

ഏലം കർഷകരെ സഹായിക്കുന്നതിന് സംസ്ഥാന കൃഷി വകുപ്പ് വിവിധ പദ്ധതികൾവഴി ഇടപെടൽ നടത്തുന്നുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള ആനുകൂല്യമായി ഒരു വർഷത്തേയ്ക്ക് ഹെക്ടറിന് 1,500/- രൂപയും മൂന്ന് വർഷത്തേയ്ക്ക് 3,750/- രൂപയും ഒടുക്കി സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകുന്ന കർഷകർക്ക് വരൾച്ച മൂലമുണ്ടായ കൃഷി നാശത്തിന് ഹെക്ടർ ഒന്നിന് 60,000/- രൂപ എന്ന നിരക്കിൽ നഷ്ടപരിഹാരം നൽകുന്നുണ്ട്. ഒരേക്കർ മുതൽ ഒരു ഹെക്ടർ വരെയുള്ള ഏലം കർഷകർക്ക് ഇൻഷ്വറൻസ് സഹായം ലഭിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. 25 സെന്റ് വരെയുള്ള ഏലം കർഷകർക്ക് ഇൻഷ്വറൻസ് ആനുകൂല്യം ലഭ്യമാകണമെന്നുള്ളതാണ് കൃഷി വകുപ്പിന്റെ നിലപാട്. ആയത് സർക്കാരിന്റെ പരിശോധനയിലാണ്.

കൃഷി വകുപ്പ് നടപ്പിലാക്കുന്ന പ്രകൃതിക്ഷോഭം പദ്ധതിയിൽ ഉഷ്ണതരംഗം മൂലമുണ്ടായ കൃഷി നാശത്തിനു ചെറുകിട നാമമാത്ര കർഷകർക്കും വൻകിട

കർഷകർക്ക് 2 ഹെക്ടർ വരെയുള്ള കൃഷി നാശത്തിനും ഒരു ഹെക്ടറിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നുള്ള ആനുകൂല്യം 22,500/- രൂപയും സംസ്ഥാന വിഹിതമായി 2,500/- രൂപയും നൽകും. ഇതിനായി ഉഷ്ണതരംഗ വിഭാഗത്തിൽ ഉൾപ്പെടുത്തി കൃഷിനാശത്തിനുള്ള ആനുകൂല്യത്തിന് അപേക്ഷിക്കുന്നതിനായി പ്രാഥമിക വിവര റിപ്പോർട്ട് (FIR) സമർപ്പിക്കുന്നതിന് എയിംസ് പോർട്ടലിൽ 07-06-2024 വരെ സംവിധാനമൊരുക്കുകയും കൃഷി നാശം സംഭവിച്ച കർഷകർക്ക് എയിംസ് പോർട്ടൽ മുഖേന അപേക്ഷിക്കുന്നതിനുള്ള തീയതി 30-06-2024 വരെ ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച നിർദ്ദേശങ്ങൾ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വഴിയും സോഷ്യൽ മീഡിയ മുഖേനയും കർഷകർക്ക് നൽകിയിട്ടുണ്ട്. പ്രത്യേക ക്യാമ്പയിൻ നടത്തി കർഷകരെ ആനുകൂല്യത്തിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടികൾ ജില്ലാ തലത്തിൽ സ്വീകരിച്ചിട്ടുമുണ്ട്.

കൂടാതെ പട്ടയം ലഭിക്കാത്തതും തർക്കമില്ലാത്തതുമായ ഭൂമികളിലെ ദീർഘകാല വിളകൾക്കുകൂടി പ്രകൃതിക്ഷോഭം കാരണമുള്ള കൃഷിനാശത്തിന്റെ

ആനുകൂല്യം ലഭ്യമാക്കാനുള്ള ഉത്തരവ് നൽകിക്കഴിഞ്ഞു. ഈ വിഭാഗം കർഷകർക്കുകൂടി നഷ്ടപരിഹാരം ലഭ്യമാകുവാൻ ഉതകുമാറ് എയിംസ് പോർട്ടൽവഴി അപേക്ഷ സമർപ്പിക്കാനുള്ള തീയതി 31-07-2024 വരെ ദീഘിപ്പിച്ചിട്ടുമുണ്ട്. കർഷകർ വിവിധ ബാങ്കുകളിൽനിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് പലിശ ഇളവോടെയുള്ള മോറട്ടോറിയം അനുവദിക്കണമെന്ന് സംസ്ഥാനതല ബാങ്കിംഗ് കമ്മറ്റിയോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

ഏലം കൃഷിചെയ്യുന്ന ഭൂമി കർഷകൻ കൈമാറ്റം ചെയ്താൽ ഒരു മാസത്തിനകം രജിസ്ട്രേഷൻ പൂർത്തീകരിക്കണമെന്നാണ് നിയമം. ഇത് പാലിക്കാൻ കഴിയാത്ത കർഷകർക്ക് കാലാകാലങ്ങളിൽ ആവശ്യാനുസരണം രജിസ്ട്രേഷൻ ചെയ്യുന്നതിനുള്ള സമയം ദീർഘിപ്പിച്ചു നൽകുന്നുണ്ട്. സ്പൈസസ് ബോർഡിൽനിന്ന് ആനുകൂല്യം ലഭ്യമാക്കുന്നത് 0.10 മുതൽ 4 ഹെക്ടർ വരെ ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർക്ക് മാത്രമാണ്. നാമമാത്ര കർഷകരുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ആനുകൂല്യം ലഭ്യമാക്കാൻ കൃഷിഭൂമിയുടെ കുറഞ്ഞ പരിധിയിൽ ഇളവുവരുത്തുന്ന കാര്യം ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

ഏലം കർഷകർക്കുള്ള എല്ലാ പിന്തുണയും സ്പൈസസ് ബോർഡ് രൂപവൽക്കരിച്ചതിനുശേഷം ബോർഡിൽ നിക്ഷിപ്തമാണ്. കേന്ദ്രസർക്കാരിന്റെ വികലമായ നയങ്ങൾമൂലം സ്പൈസസ് ബോർഡിന്റെ ഇടപെടൽ ഇപ്പോൾ കാര്യക്ഷമമല്ല. പുനഃകൃഷിക്ക് സഹായം, ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള സഹായം, ചെറുകിട ഏലം കർഷകർക്കായി കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ്, ജലലഭ്യത ഉറപ്പാക്കാനുള്ള പദ്ധതികൾ, വിളവെടുപ്പാനന്തര ആവശ്യങ്ങൾക്കായുള്ള യന്ത്രങ്ങൾ/ഉപകരണങ്ങൾ, ഉത്തമ കാർഷിക മുറകൾക്കുള്ള പ്ലോട്ടുകൾ, പ്രാഥമിക സംസ്കരണ യൂണിറ്റുകൾ എന്നിവ സ്ഥാപിക്കുന്നതിനായി ധനസഹായം നൽകേണ്ടത് ബോർഡാണ്. ഈ പിന്തുണ കൃത്യമായി ബോർഡിൽനിന്നും ലഭിക്കുന്നതിനായി സർക്കാരിന്റെ ഇടപെടലുണ്ടാകും.

ഏലം കർഷകർക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ വഴിയുള്ള പിന്തുണ വർദ്ധിപ്പിക്കാൻ സാധ്യമാകുംവിധം ജനകീയാസൂത്രണ മാർഗ്ഗരേഖയിൽ ഏലം കർഷകർക്കുള്ള വിവിധ സഹായങ്ങൾ ഉൾപ്പെടുത്തുന്നകാര്യം പരിശോധനയിലാണ്. കൂടാതെ കേരള കാർഷിക കാലാവസ്ഥാ പ്രതിരോധ

മൂല്യവർദ്ധിത ശൃംഖലാ നവീകരണ പദ്ധതി (കേര)-യിലൂടെ ഏല കൃഷിയുടെ പ്രോത്സാഹനത്തിനായി തുക വകയിരുത്താനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

വരൾച്ചയുടെ ഭാഗമായി ഇടുക്കി ജില്ലയിലെ ഏലം കർഷകർ നേരിട്ട കൃഷി നാശം പരിഹരിക്കുന്നതിലേക്കായി ഒരു പ്രത്യേക പാക്കേജ് നടപ്പാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. വരൾച്ചമൂലം കേരളത്തിലുണ്ടായ കൃഷിനാശവും കർഷകർക്കുണ്ടായ ദുരിതവും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ കേന്ദ്ര കൃഷിമന്ത്രിയുമായി ഒരു കൂടിക്കാഴ്ചയ്ക്ക് സംസ്ഥാന കൃഷിമന്ത്രിക്ക് ഈ മാസംതന്നെ സമയം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ കാർഷിക ഉല്പാദന കമ്മീഷണറുടെ നേതൃത്വത്തിലുള്ള ഒരു ഉന്നത സംഘം ഉടൻതന്നെ കേന്ദ്ര കാർഷിക, വാണിജ്യ മന്ത്രാലയങ്ങൾ സന്ദർശിച്ച് കർഷകർക്കുണ്ടായ നഷ്ടം ബോധ്യപ്പെടുത്തുന്നതും പരമാവധി നഷ്ടപരിഹാരം നേടിയെടുക്കാനുള്ള ശ്രമം നടത്തുന്നതുമാണ്.

<u>ശ്രീ. ആന്റണി രാജു, എം.എൽ.എ. ഉന്നയിച്ച സബ്മിഷന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) മേശപ്പുറത്തുവച്ച മറുപടി</u>

സംസ്ഥാനത്ത് അനുഭവപ്പെടുന്ന കടലാക്രമണത്തെ പരമ്പരാഗതമായ കടൽഭിത്തി നിർമ്മാണ പ്രകാരം പൂർണ്ണമായും ചെറുക്കാൻ കഴിഞ്ഞിരുന്നില്ല. പാറക്കല്ലിന്റെ ലഭ്യതക്കുറവും വിലയിലുണ്ടാകുന്ന വർദ്ധനവുംമൂലം കടൽ ഭിത്തിയുടെ പുനർനിർമ്മാണത്തിന് ഓരോ വർഷവും ഭീമമായ തുക സർക്കാരിന് ചെലവഴിക്കേണ്ടതായി വരുന്നുണ്ട്. ഇത് കണക്കിലെടുത്താണ് സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കടലാക്രമണം നേരിടുന്ന പൂന്തുറ മുതൽ ശംഖുമുഖം വരെയുള്ള പ്രദേശത്ത് ഒരു പൈലറ്റ് പ്രോജക്ട് എന്ന രീതിയിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ജിയോ ട്യൂബ് ഉപയോഗിച്ചുള്ള ഓഫ് ഷോർ ബ്രേക്ക്വാട്ടർ പദ്ധതി നടപ്പാക്കാൻ സർക്കാർ തീരുമാനിച്ചത്. പദ്ധതി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പാക്കുന്നതിന് 150 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

തുടർന്ന് National Institute of Ocean Technology (NIOT) മുഖേന മാതൃകാ പഠനം നടത്തുകയും അവരുടെ നിർദ്ദേശപ്രകാരം ആദ്യ ഘട്ടമെന്ന നിലയിൽ സംസ്ഥാനത്ത് ഏറ്റവും രൂക്ഷമായ കടൽക്ഷോഭം അനുഭവപ്പെടുന്ന പ്രദേശമായ പൂന്തുറയിൽ പരീക്ഷണാടിസ്ഥാനത്തിൽ ഏകദേശം ഒരു കിലോമീറ്റർ നീളത്തിൽ തീരം സംരക്ഷിക്കുന്നതിന് 750 മീറ്റർ നീളത്തിൽ ജിയോ ട്യൂബ് സ്ഥാപിക്കുന്നതിന് 20.78 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകുകയും ചെയ്തു. ഏകദേശം 120-150 മീറ്റർ അകലത്തിൽ തീരത്തിന് സമാന്തരമായി 6-7 മീറ്റർ ആഴമുള്ള സമുദ്രത്തിന്റെ അടിത്തട്ടിൽ 5 മീറ്റർ വ്യാസമുള്ള സിന്തറ്റിക് ജിയോട്യൂബുകളിൽ മണൽ നിറച്ച് മൂന്ന് അടുക്കുകളായി സ്ഥാപിക്കാനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. അങ്ങനെ 5 യൂണിറ്റുകൾ സ്ഥാപിക്കുന്നു. ഓരോ ബ്രേക്ക്‌വാട്ടർ യൂണിറ്റിന്റെയും നീളം 100 മീറ്ററും ഇവ തമ്മിലുള്ള അകലം (gap) 50 മീറ്ററായും നിജപ്പെടുത്തിയിരിക്കുന്നു. ബ്രേക്ക്‌വാട്ടറിന്റെ ഉപരിതലം വേലിയിറക്ക് നിരപ്പിൽനിന്നും ഏകദേശം ഒന്ന് മുതൽ ഒന്നര മീറ്റർ താഴെയായിരിക്കും. ഇതുമൂലം തീരത്തോടടുക്കുന്ന വൻതിരമാലകളുടെ ശക്തി കുറയുകയും

തീരശോഷണ സാധ്യത ഇല്ലാതാകുകയും നിലവിലുള്ള തീരത്തിനും ഓഫ്ഷോർ ബ്രേക്ക്‌വാട്ടറിനുമിടയിൽ കൂടുതൽ മണൽ വന്നുചേർന്ന് വിസ്താരമേറിയ ബീച്ച് രൂപം പ്രാപിക്കുകയും ചെയ്യും.

ടെൻഡർ ക്ഷണിച്ച് 2022 ഫെബ്രുവരി മാസം പദ്ധതി ആരംഭിച്ചു. ജിയോട്യൂബ് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി ഏറ്റെടുത്തത് M/s. DVP GCC Joint Venture എന്ന കമ്പനിയാണ്. 1000 ടൺ ശേഷിയുള്ള ബാർജ്ജുകൾ, ഉയർന്ന ശേഷിയുള്ള സാൻഡ് പമ്പ് ഡ്രഡ്ജറുകൾ, സ്കൂബ ഡൈവിംഗ് സംവിധാനം, ഓക്സിജൻ ജനറേറ്റർ എന്നിവ ഘടിപ്പിച്ചിട്ടുള്ള പ്രത്യേകതരം ബാർജ്ജുകൾ, റ്റഗ്ഗുകൾ എന്നിവ ഉൾപ്പെടെയുള്ള മറൈൻ യന്ത്രങ്ങൾ ഉപയോഗിച്ചാണ് നിർമ്മാണം നടത്തുന്നത്. നിർമ്മാണത്തിനാവശ്യമായ ഉന്നത നിലവാരമുള്ള ജിയോട്യൂബുകൾ വിദഗ്ദ്ധ ഏജൻസികളുടെ സൂക്ഷ്മ പരിശോധന നടത്തി ഉറപ്പാക്കി ചൈനയിൽനിന്ന് ഇറക്കുമതി ചെയ്തിട്ടുള്ളതാണ്. 20 മീറ്റർ, 16 മീറ്റർ, 12 മീറ്റർ എന്നീ നീളത്തിലുള്ളതും 15 മീറ്റർ വ്യാസത്തിലുള്ളതുമായ

ട്യൂബുകളിൽ മണൽ നിറച്ച് നിക്ഷേപിക്കുന്ന ഓരോ ട്യൂബിനും 200 മുതൽ 250 ടൺ വരെ തൂക്കം വരുന്നതാണ്.

തുടക്കത്തിൽ ജിയോ ട്യൂബിന്റെ ഇറക്കുമതി നിയമങ്ങളുമായി ബന്ധപ്പെട്ട് കാലതാമസം നേരിട്ടിരുന്നു. വളരെ പ്രതികൂല കാലാവസ്ഥയായിരുന്നെങ്കിലും 2022-ൽ പൂർത്തീകരിച്ച ആദ്യ segment നിരീക്ഷണങ്ങൾക്ക് വിധേയമാക്കുകയും അതിന്റെയടിസ്ഥാനത്തിൽ ജിയോ ട്യൂബിന്റെ ക്ലോസ്സിംഗ് പോർട്ടിന്റെ ഡിസൈനിൽ മാറ്റം വരുത്തുന്നതിന് കൂടുതൽ സമയം ആവശ്യമായി വരുകയും ചെയ്തു. ഏറ്റവുംകൂടുതൽ കടൽക്ഷോഭവും അടിയൊഴുക്കുമുള്ള പ്രദേശമാണ് പൈലറ്റ് പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ളത്. ഡൈവർമാരുടെ സഹായത്തോടെ ജിയോ ട്യൂബ് കടലിന്റെ അടിത്തട്ടിൽ സ്ഥാപിക്കുന്നതിന് അനുകൂലമായ വളരെ കുറഞ്ഞ സമയം മാത്രമാണ് ഈ പ്രദേശത്ത് ലഭിക്കുന്നത്. ചുരുങ്ങിയ പ്രവൃത്തിദിനങ്ങൾകൊണ്ട് 2 segment പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്. രണ്ട് ബാർജ്ജ് യൂണിറ്റുകൾ സജ്ജമാക്കി ബാക്കിയുള്ള 3 segment-കളും പൂർത്തീകരിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്;

പൂന്തുറ പ്രദേശത്ത് നടപ്പിലാക്കിയ പൈലറ്റ് പദ്ധതിയുടെ ഗുണഫലം കണക്കിലെടുത്ത് വലിയതുറ മുതൽ ശംഖുമുഖം വരെ 7 കിലോമീറ്റർ പ്രദേശത്ത് പദ്ധതി ആരംഭിക്കുന്നതിന് തത്വത്തിലുള്ള അംഗീകാരം ലഭ്യമായിട്ടുണ്ട്. കടലോരത്തുള്ള വിനോദസഞ്ചാര മേഖലകളിൽ തീരസംരക്ഷണത്തിന് ഏറ്റവും ചെലവ് കുറഞ്ഞതും പരിസ്ഥിതി സൗഹൃദവും എന്ന നിലയിലും പ്രസ്തുത പദ്ധതി ഒരു മാതൃകാ പദ്ധതിയായി കണക്കാക്കാവുന്നതാണ്. കൊല്ലം, കോവളം മുതലായ ടൂറിസം ബീച്ചുകളിൽ ഈ സംവിധാനം ഉപയോഗിച്ച് തീരം സംരക്ഷിച്ച് അനുയോജ്യമായ ടൂറിസം ഡെസ്റ്റിനേഷനുകളാക്കി മാറ്റുന്നതുസംബന്ധിച്ച് KSCADC പഠനം നടത്തി വരുന്നു.

(27) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ എം.എൽ.എ. ഉന്നയിച്ച സബ്മിഷന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) മേശപ്പുറത്തുവച്ച മറുപടി</u>

തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ താലൂക്കിൽ ഉൾപ്പെട്ട അഴീക്കോട് ഫിഷ് ലാൻഡിംഗ് സെന്റർ നിർമ്മാണത്തിനായി 2007-ൽ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ഫിഷ് ലാൻഡിംഗ് സെന്റർ നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തിനോട് ചേർന്നുള്ള സ്ഥലത്തിന്റെ ഉടമസ്ഥരായ സൗരാഷ്ട്ര സിമെന്റ് കമ്പനി ഹൈക്കോടതിയിൽനിന്നും സ്റ്റേ വാങ്ങിയതിനെത്തുടർന്ന് നിർമ്മാണം പൂർത്തിയാക്കാൻ സാധിച്ചില്ല. പ്രസ്തുത പ്രദേശത്ത് ഏകദേശം 144 മത്സ്യബന്ധന ബോട്ടുകളും പതിനായിരത്തിലധികം മത്സ്യത്തൊഴിലാളികളും മത്സ്യബന്ധന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുണ്ട്. നിലവിൽ മത്സ്യം കരയ്ക്കടുപ്പിക്കുന്നതിനും വിൽപ്പനയ്ക്കും മറ്റുമുള്ള സൗകര്യങ്ങളില്ലാത്തത് മത്സ്യത്തൊഴിലാളികളെ ബുദ്ധിമുട്ടിക്കുന്നുണ്ട്.

ഹൈക്കോടതി വിധി അനുകൂലമായതിനെത്തുടർന്നും ഫിഷ് ലാൻഡിംഗ് സെന്ററിലേക്ക് ബദൽ പ്രവേശനമാർഗ്ഗം ഉറപ്പാക്കിയും അഴിക്കോട് ഫിഷ്

ലാൻഡിംഗ് സെന്ററിന്റെ വികസന പ്രവർത്തനങ്ങൾക്കായി കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ വിഹിതം ഉപയോഗിച്ച് PMMSY-ൽ ഉൾപ്പെടുത്തി പദ്ധതി നടപ്പാക്കുന്നതിനുള്ള അനുമതിക്കായി സംസ്ഥാന സർക്കാർ 20 കോടി രൂപയുടെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി 23-12-2023-ൽ കേന്ദ്രസർക്കാരിൽ സമർപ്പിച്ചിരുന്നു. കേന്ദ്രസർക്കാർ ഏജൻസിയായ Central Institute of Coastal Engineering for Fishery (CICEF) പദ്ധതി രൂപരേഖ പരിശോധിക്കുകയും അവരുടെ നിർദ്ദേശമനുസരിച്ച് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ പുതുക്കിയ പദ്ധതി രൂപരേഖ തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

വാർഫ് (45x6.25 m), ലേലപ്പുര (45x8.25 m), ലോക്കർ റൂം, നെറ്റ് മെൻഡിംഗ് ഷെഡ്, ക്യാന്റീൻ, കട മുറികൾ, ശുചിമുറി, റോഡ്, പാർക്കിംഗ് ഏരിയ, ചുറ്റുമതിൽ നിർമ്മാണം, റിക്ലമേഷൻ ബണ്ട്, ഓവർഹെഡ് വാട്ടർ ടാങ്ക് എന്നിവയുടെ നിർമ്മാണങ്ങളും ഡ്രെഡ്ജിംഗ് പ്രവൃത്തികളുമാണ് പദ്ധതി രൂപരേഖയിൽ ഉൾക്കൊള്ളിച്ചിരുന്നത്. PMMSY-യിലോ നബാർഡ്

പദ്ധതിയിലോ ഉൾപ്പെടുത്തി എത്രയും പെട്ടെന്ന് പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ചാണ്ടി ഉമ്മൻ, എം.എൽ.എ.-യുടെ സബ്മിഷന് പൊതു വിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) മേശപ്പുറത്തുവച്ച മറുപടി

സംസ്ഥാനത്തെ ഐ.ടി.ഐ.-കളിൽ നിലവിലുള്ള ട്രേഡുകൾക്ക് പുറമെ ഡി.ജി.റ്റി. ന്യൂഡൽഹി പുതുതായി പുറത്തിറക്കിയ പുതുതലമുറയ്ക്ക് കൂടുതൽ തൊഴിൽ സാധ്യതയുള്ള 25 വ്യത്യസ്ത ട്രേഡുകൾ ഐ.ടി.ഐ.-കളിൽ നടപ്പിലാക്കുന്നതിനായി കണ്ണൂർ ജോയിന്റ് ഡയറക്ടർ ഉൾപ്പെട്ട കമ്മിറ്റിയെ നിയോഗിക്കുകയും പ്രസ്തുത കമ്മിറ്റി ടി ട്രേഡുകൾ ഐ.ടി.ഐ.-കളിൽ നടപ്പിലാക്കുന്നത് ഉചിതമാണെന്ന് ശിപാർശ ചെയ്യുകയും ചെയ്തിരുന്നു. ഇവ ഐ.ടി.ഐ.-കളിൽ തുടങ്ങുന്നതിനായി ട്രെയിനിംഗ് ഡയറക്ടർ സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിക്കുകയും ടി ട്രേഡുകൾ ഏതെല്ലാം ഐ.ടി.ഐ.-കളിൽ ആരംഭിക്കണം, ഇതിന് ഏകദേശം എത്ര തുക ചെലവാകും എന്നീ വിവരങ്ങൾ ഉൾപ്പെട്ട വിശദമായ ശിപാർശ സമർപ്പിക്കാൻ ട്രെയിനിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ആയത് പ്രകാരമുള്ള വിവരങ്ങൾ വകുപ്പിന് കീഴിലുള്ള 104 ഐ.ടി.ഐ.-കളിൽനിന്നും ശേഖരിച്ച്

ട്രെയിനിംഗ് ഡയറക്ടർ ലഭ്യമാക്കുന്ന മുറയ്ക്ക് ടി ട്രേഡുകൾ വിവിധ ഐ.ടി.ഐ.-കളിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(34) <u>പൊന്നാനിയിലെ ടൂറിസം സാധ്യതകളുമായി ബന്ധപ്പെട്ട് ശ്രീ. പി. നന്ദകുമാർ എം.എൽ.എ. ഉന്നയിച്ച സബ്മിഷന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ് നൽകിയ മറുപടി</u>

പൊന്നാനി നിയോജകമണ്ഡലത്തിലെ വിനോദസഞ്ചാര മേഖലയിലെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി ടൂറിസം വകുപ്പ് മറൈൻ മ്യൂസിയം, നിള ഹെറിറ്റേജ് മ്യൂസിയം എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഈ പദ്ധതികളുടെ നിർമ്മാണപ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. കൺസ്ട്രക്ഷൻ ഓഫ് മറൈൻ മ്യൂസിയം ആൻഡ് കർമ്മ റോഡ് ബ്യൂട്ടിഫിക്കേഷൻ എന്ന പദ്ധതിക്ക് 4,36,00,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മലപ്പുറം ഡി.ടി.പി.സി. മുഖേന മലപ്പുറം ജില്ലാ നിർമ്മിതി കേന്ദ്രം പൂർത്തിയാക്കിയിട്ടുള്ള പ്രസ്തുത പദ്ധതിയിൽ മ്യൂസിയം ബിൽഡിംഗ്, റോളർ സ്കേറ്റിംഗ് റിബ്/സൈക്കിൾ ട്രാക്ക്, കിയോസ്ക്, ടോയിലെറ്റ് എന്നീ ഘടകങ്ങൾ ഉൾപ്പെട്ടിരിക്കുന്നു.

കൺസ്ട്രക്ഷൻ ഓഫ് ചമ്രവട്ടം-നിള ഹെറിറ്റേജ് മ്യൂസിയം @ പൊന്നാനി എന്ന പദ്ധതിക്ക് 7,56,00,000/- രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. ഈ പദ്ധതിയിൽ ഉൾപ്പെട്ട ഹെറിറ്റേജ് മ്യൂസിയം സിവിൽ

വർക്ക്സ്, ഇന്റീരിയർ ഫർണിഷിംഗ് വർക്ക്സ്, ഹീറ്റിംഗ് വെന്റിലേഷൻ എയർ കണ്ടീഷനിംഗ് വർക്ക്സ്, ഫയർ പ്രൊട്ടക്ഷൻ വർക്ക്, പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് വർക്ക്, ഇലക്ട്രിക്കൽ & ELV വർക്ക് എന്നീ ഘടകങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയിൽ അവശേഷിക്കുന്ന 37 ഘടകങ്ങളുടെ നിർമ്മാണപ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്.

ഇതുകൂടാതെ നിള ടൂറിസം റോഡിന്റെ സൗന്ദര്യവത്ക്കരണത്തിനും അടിസ്ഥാനസൗകര്യ വികസനത്തിനും 10 കോടി രൂപയുടെ പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ഇത് പരിശോധിച്ച് നടപ്പിലാക്കുന്ന കാര്യത്തിൽ അനുകൂലമായ സമീപനം വിനോദസഞ്ചാര വകുപ്പ് സ്വീകരിക്കും.

(35) <u>തൃപ്രയാർ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ശ്രീ. സി. സി. മുകുന്ദൻ എം.എൽ.എ. ഉന്നയിച്ച സബ്മിഷന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി( ശ്രീമതി വീണാ ജോർജ്) നൽകിയ മറുപടി</u>

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് തൃപ്രയാർ പാലം നിർമ്മാണം ഏറ്റെടുത്തിരിക്കുന്നത്. ഭൂമി ഏറ്റെടുക്കൽ നടപടികൾക്കുള്ള 10.50 കോടി രൂപയുൾപ്പെടെ 28.423 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തിക അനുമതി നൽകിയിട്ടുണ്ട്. പാലം നിർമ്മാണത്തിനാവശ്യമായ സ്ഥലം നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുകയും ചെയ്തു. 22-10-2022-ൽ 27.66 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെൻഡർ ചെയ്തിരുന്നെങ്കിലും CRZ ക്ലിയറൻസ് ലഭിക്കാത്തതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ സാധിച്ചില്ല. CRZ ക്ലിയറൻസ് ലഭിക്കുന്നതിനായി Rapid EIA study ആവശ്യമാണ്. അതിന്റെ ക്വട്ടേഷൻ നടപടികൾ പുരോഗമിച്ചുവരുന്നു. CRZ Rapid EIA study സമയബന്ധിതമായി പൂർത്തിയാക്കാനും പ്രവൃത്തി ആരംഭിക്കാനും കൃത്യമായ നിരീക്ഷണം നടത്തും. വിഷയത്തിൽ ഇടപെടാൻ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്താം.

(36) <u>വിഴിഞ്ഞം നാവായിക്കുളം ഔട്ടർ റിംഗ് റോഡിന്റെ അലൈൻമെന്റുമായി ബന്ധപ്പെട്ട് ശ്രീമതി ഒ. എസ്. അംബിക എം.എൽ.എ. ഉന്നയിച്ച സബ്മിഷന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) നൽകിയ മറുപടി</u>

ഔട്ടർ റിംഗ് റോഡ് നിർമ്മാണത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. നിലവിൽ 100.9223 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമായ 3D നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഔട്ടർ റിംഗ് റോഡിന്റെ നിർമ്മാണത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന്റെ 50 ശതമാനം തുക, സർവ്വീസ് റോഡുകളുടെ നിർമ്മാണത്തിന് ആവശ്യമായ തുക എന്നിവ സംസ്ഥാനം വഹിക്കണമെന്നും നിർമ്മാണ വസ്തുക്കളുടെ ചരക്ക് സേവന നികുതിയിലെ സംസ്ഥാന വിഹിതം, റോയൽറ്റി എന്നിവ ഒഴിവാക്കണമെന്നും ദേശീയപാത അതോറിറ്റി ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത ആവശ്യം സംസ്ഥാന സർക്കാരിന്റെ പരിഗണനയിലാണ്. ഇക്കാര്യത്തിൽ അനുകൂലമായ ഒരു തീരുമാനം ഉണ്ടാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

(37) <u>പട്ടാമ്പിയിലെ വിവിധ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ശ്രീ. മുഹമ്മദ് മുഹസിൻ എം.എൽ.എ. ഉന്നയിച്ച സബ്മിഷന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) നൽകിയ മറുപടി</u>

പട്ടാമ്പി നിയോജകമണ്ഡലത്തിലെ വല്ലപ്പുഴ, കൊട്ടുമുണ്ട, വാടാനാംകുറിശ്ശി എന്നീ ആർ.ഒ.ബി.-കൾ ലെവൽ ക്രോസ്സില്ലാത്ത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നിർമ്മിക്കുന്നത്. ഈ മൂന്ന് ആർ.ഒ.ബി.-കളുടെ യും നിർമ്മാണ ചുമതല RBDCK-ക്ക് ആണ് നൽകിയിരിക്കുന്നത്. ഇതിൽ വാടാനാംകുറിശ്ശി മേൽപ്പാലം അന്തിമഘട്ടത്തിലേയ്ക്ക് എത്തിക്കഴിഞ്ഞു. ഈ വർഷം അത് പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. വല്ലപ്പുഴ മേൽപ്പാലത്തിന്റെ ഭൂമി ഏറ്റെടുക്കൽ പൂർത്തീകരിച്ചു. GAF (General Alignment Drawing) റെയിൽവേയ്ക്ക് പുതുക്കി നൽകാനായി സമർപ്പിച്ചിട്ടുണ്ട്. റെയിൽവേ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് പദ്ധതി ആരംഭിക്കുവാൻ കഴിയും. കൊട്ടുമുണ്ട മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ സ്വീകരിച്ചുവരുന്നു. ഭൂമി ഏറ്റെടുക്കലിനായി അതിർത്തി കല്ലുകൾ സ്ഥാപിക്കുകയും സംയുക്ത സ്ഥലപരിശോധന നടത്തുകയും ചെയ്തു. ഈ രണ്ട്

മേൽപ്പാലങ്ങളും സമയബന്ധിതമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് RBDCK മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തിയുണ്ട്.

(38) <u>ചമ്പക്കര പഴയ പാലം പൊളിച്ചു മാറ്റുന്നതുമായി ബന്ധപ്പെട്ട് ശ്രീമതി ഉമാ തോമസ് എം.എൽ.എ. ഉന്നയിച്ച സബ്മിഷന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) നൽകിയ മറുപടി</u>

എറണാകുളം ജില്ലയിലെ നാഷണൽ വാട്ടർ വേ 3-ൽ സ്ഥിതിചെയ്യുന്ന ചമ്പക്കര കനാലിന് കുറുകെയുള്ള ചമ്പക്കര പാലം പൊതുമരാമത്ത് വകുപ്പ് പാലങ്ങളിൽ ഉൾപ്പെട്ടതായിരുന്നു. എന്നാൽ പ്രസ്തുത പാലം KMRL ന് കൈമാറുകയും KMRL പുതിയ പാലം നിർമ്മിക്കുകയും ചെയ്തു. എങ്കിലും പഴയ പാലം പൊളിച്ചുമാറ്റിയിട്ടില്ല. ഡിസാസ്റ്റർ മാനേജ്മെന്റ് ടീം, KMRL, PWD-യും മറ്റ് പ്രതിനിധികളും നടത്തിയ സംയുക്ത സ്ഥലപരിശോധനയിൽ KMRL-ന് പഴയ ചമ്പക്കര പാലത്തിന്റെ ബാക്കി നിലനിൽക്കുന്ന ഭാഗങ്ങൾ പൊളിച്ചുമാറ്റുന്നതിനുള്ള എസ്റ്റിമേറ്റ് സമർപ്പിക്കാൻ നിർദേശം നൽകി. KMRL 1.85 കോടി രൂപയുടെ എസ്റ്റിമേറ്റ് ജില്ലാ കളക്ടർക്ക് സമർപ്പിച്ചിരുന്നു. ഫണ്ട് അനുവദിക്കുന്നതിനായി പ്രൊപ്പോസൽ ദുരന്തനിവാരണ വകുപ്പിന് കളക്ടർ സമർപ്പിച്ചെങ്കിലും കാലവർഷത്തിൽ തകർന്ന പാലങ്ങളുടെ അടിയന്തിര പുനരുദ്ധാരണത്തിന് തുക അനുവദിക്കുന്ന വിഷയമാണ് ദുരന്തനിവാരണ വകുപ്പിൽ കൈകാര്യം ചെയ്യുന്നത് എന്നതിനാൽ നിരസിക്കുകയാണ് ചെയ്തത്.

ഈ സാഹചര്യത്തിൽ പഴയ പാലം പൊളിച്ചുമാറ്റുന്നതിനുള്ള എസ്റ്റിമേറ്റ് പ്രൈസ് ഐ.ഡി. പ്രകാരം പൊതുമരാമത്ത് വകുപ്പ് തയാറാക്കിവരുന്നു. എസ്റ്റിമേറ്റ് ലഭിച്ചാലുടൻ തുടർനടപടികൾ പരിശോധിക്കാം.

(39) മൊറയൂർ-വാലഞ്ചേരി-എൻ.എച്ച്.കോളനി റോഡ് ഗതാഗത യോഗ്യമാക്കലുമായി ബന്ധപ്പെട്ട് ശ്രീ. പി. ഉബൈദുള്ള എം.എൽ.എ. ഉന്നയിച്ച സബ്മിഷന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) നൽകിയ മറുപടി

മലപ്പുറം ജില്ലയിലെ പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രമായ മിനി ഊട്ടിയിലേയ്ക്ക് പാലക്കാട്-കോഴിക്കോട് എൻ.എച്ച്. റോഡിലെ മൊറയൂരിൽനിന്നും ആരംഭിക്കുന്ന പ്രധാനപ്പെട്ട ഒരു റോഡാണ് മൊറയൂർ-വലഞ്ചേരി-അരിമ്പ്ര-ഊരകം-നെടിയിരിപ്പ് റോഡ്. പ്രസ്തുത റോഡ് ബി.എം. & ബി.സി. നിലവാരത്തിൽ നവീകരിക്കുന്നതിന് കി.മീ. 6/000 മുതൽ 10/000 വരെ 1601.10 ലക്ഷം രൂപയ്ക്കും കി.മീ. 10/000 മുതൽ 14/100 വരെ 747.80 ലക്ഷം രൂപയ്ക്കും എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് ഭരണാനുമതി നൽകി നവീകരണ പ്രവൃത്തികൾ നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(40) പട്ടണക്കാട് മിൽമയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ശ്രീമതി ദെലീമ എം.എൽ.എ. ഉന്നയിച്ച സബ്മിഷന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി ( ശ്രീമതി ജെ. ചിഞ്ചുറാണി) നൽകിയ മറുപടി

കേരള സംസ്ഥാനത്തിന്റെ തെക്കൻ ജില്ലകളിലേയ്ക്ക് മുൻകാലങ്ങളിൽ ഏറ്റവും കൂടുതൽ ഗുണമേന്മയുള്ള സമീകൃത കാലിത്തീറ്റ ഉല്പാദിപ്പിച്ച് വിതരണം ചെയ്തിരുന്ന സ്ഥാപനമാണ് ആലപ്പുഴ ജില്ലയിലെ പട്ടണക്കാടുള്ള മിൽമ കാലിത്തീറ്റ ഫാക്ടറി. ദിവസം 100 മെട്രിക് ടൺ ഉല്പാദന ശേഷിയുമായി 1985-ൽ സ്ഥാപിതമായ ഈ ഫാക്ടറി പിന്നീട് 1993-ൽ 300 മെട്രിക് ടണ്ണായും 2018-ൽ 360 മെട്രിക് ടണ്ണായും ശേഷി വർധിപ്പിച്ചിട്ടുണ്ട്. എന്നാൽ സ്വകാര്യ മേഖലയിലുള്ള കാലിത്തീറ്റ കമ്പനികളുടെ കടന്നുകയറ്റം മിൽമ കാലിത്തീറ്റയുടെ വിപണി വിഹിതത്തിൽ ഗണ്യമായ കുറവു വരുത്തുന്നതിനിടയാക്കിയിട്ടുണ്ട്. ഓരോ മേഖലയിലെയും ക്ഷീരകർഷകരുടെ ആവശ്യങ്ങൾ പരിഗണിച്ച് അതാത് പ്രദേശത്തെ ക്ഷീരസംഘങ്ങൾ മിൽമയുടെയും  കേരള ഫീഡ്സിന്റെയും കാലിത്തീറ്റകൾ കൂടാതെ മറ്റ് സ്വകാര്യ കമ്പനികളുടെ കാലിത്തീറ്റകൾകൂടി വിതരണം ചെയ്യുന്നുണ്ട്. ഇത് മിൽമ കാലിത്തീറ്റയുടെ വിപണനത്തെ ബാധിച്ചിട്ടുണ്ടെങ്കിലും ക്ഷീരകർഷകർക്ക് സബ്സിഡി നൽകിയും

വൈവിധ്യമാർന്നതും ക്ഷീരകർഷകരുടെ കാലികൾക്ക് മെച്ചപ്പെട്ട ആരോഗ്യം പ്രധാനം ചെയ്യുന്നതുമായ പുതിയ കാലിത്തീറ്റകൾ വിപണിയിലിറക്കിയും കാലിത്തീറ്റ വിപണിയിൽ സജീവമായ ഇടപെടൽ നടത്താൻ മിൽമ ശ്രമിക്കുന്നുണ്ടെങ്കിലും സ്വകാര്യ മേഖലയിലുള്ള കാലിത്തീറ്റകളുടെ കടന്നുകയറ്റം കാരണം പട്ടണക്കാട്ടുള്ള മിൽമ കാലിത്തീറ്റ ഫാക്ടറി ഉല്പാദനം കുറയ്ക്കുവാൻ നിർബന്ധിതമായിട്ടുണ്ട്. സ്വകാര്യ മേഖലയിൽനിന്നുള്ള കാലിത്തീറ്റകൾ സംബന്ധിച്ച് നിരവധി പരാതികൾ ക്ഷീരകർഷകരിൽനിന്നും ഉയർന്നുവന്ന സാഹചര്യത്തിൽ ക്ഷീരസംഘങ്ങൾ വഴി മിൽമയുടെയും പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സിന്റെയും കാലിത്തീറ്റകൾ വിതരണം ചെയ്യുന്നതിന് മുൻഗണന നൽകണമെന്ന നിർദേശം സർക്കാർ നൽകിയിട്ടുണ്ട്.

കേരളത്തിലെ ക്ഷീരകർഷകരുടെ എല്ലാ പ്രശ്നങ്ങളിലും കാര്യക്ഷമമായി ഇടപെട്ട് നടപടികൾ സ്വീകരിക്കുകയും ആവശ്യമായ കാലിത്തീറ്റ യഥാസമയത്ത് മിതമായ വിലയ്ക്ക് എത്തിച്ചു നൽകുകയും ചെയ്യുന്നത് മിൽമയും കേരള ഫീഡ്സുമാണ്. മിൽമ കാലിത്തീറ്റയുടെ വിപണനം വർധിപ്പിക്കുന്നതിന് എല്ലാ ജില്ലകളിലും ഫീൽഡ് പ്രൊമോട്ടർമാരെ നിയോഗിക്കുന്നതിനും മിൽമ

കാലിത്തീറ്റ എടുക്കാതെ കാലാകാലങ്ങളായി വിട്ടുനിൽക്കുന്ന സംഘങ്ങളെ കണ്ടെത്തി ഓർഡറുകൾ സ്വീകരിക്കുന്നതിനും നടപടികൾ എടുത്തിട്ടുണ്ട്. വിപണനത്തിൽ പിന്നാക്കം നിൽക്കുന്ന ജില്ലകളിൽ കാര്യക്ഷമമായ പ്രവർത്തനം ഏർപ്പെടുത്തുന്നതിന് ഹോൾസെയിൽ ഡീലർമാരെ നിയോഗിക്കുന്നതിനും ശ്രമങ്ങൾ നടത്തി വരുന്നുണ്ട്. കൂടാതെ കർഷകരിൽ മിൽമ കാലിത്തീറ്റയെക്കുറിച്ച് അവബോധം വർധിപ്പിക്കുന്നതിനും വിപണനം മെച്ചപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഉല്പാദന വർദ്ധനയ്ക്കായി ഗുണനിലവാരത്തിൽ വിട്ടുവീഴ്ചയില്ലാത്ത പ്രീമിയം കാലിത്തീറ്റ സംഘങ്ങളിലൂടെ വിപണനം ചെയ്യുന്നതിന് കൂടുതൽ ഊന്നൽ നൽകിവരുന്നു.

(41) കേരള ഫീഡ്സ് തൊഴിലാളികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. സി. ആർ മഹേഷ് എം.എൽ.എ. ഉന്നയിച്ച സബ്മിഷന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി)നൽകിയ മറുപടി.

കേരള ഫീഡ്സിലെ വർക്ക്മെൻ വിഭാഗത്തിലെയും ഉദ്യോഗസ്ഥ വിഭാഗത്തിലെയും ജീവനക്കാരുടെ 2021 മുതൽ ബാധകമാക്കിയിട്ടുള്ള ശമ്പള പരിഷ്കരണം സംബന്ധിച്ച് ഫയൽ നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്. (ഇത് സംബന്ധിച്ച F2/191/2022 ഫയൽ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാനുള്ള അന്തിമ ഘട്ടത്തിലാണ്.) കമ്പനിയുടെ കരുനാഗപ്പള്ളി യൂണിറ്റിലെ കയറ്റിറക്ക് തൊഴിലാളികളുടെ 2021-22 വർഷത്തിലെ വേതന വർധനവ് സംബന്ധിച്ച് ചർച്ച ആരംഭിച്ചെങ്കിലും മുൻകൂട്ടി അറിയിക്കാതെയുള്ള തൊഴിലാളി സമരംമൂലം കമ്പനിക്കുണ്ടായ നഷ്ടം നികത്തുന്നതിന് ധാരണയാകാത്തതിനാൽ ചർച്ച മുന്നോട്ടുകൊണ്ടുപോകുന്നതിന് സാധിച്ചിട്ടില്ല. കൂടാതെ കാലാവസ്ഥ വ്യതിയാനവും മറ്റു കാരണങ്ങളും ക്ഷീരമേഖലയെ സാരമായി ബാധിച്ചിട്ടുണ്ട്. പ്രസ്തുത വിഷയങ്ങൾ കമ്പനിയുടെ ദൈനംദിന പ്രവർത്തനങ്ങളെയും സാരമായി

ബാധിച്ചിട്ടുണ്ട്. കമ്പനിയുടെ കരുനാഗപ്പള്ളി യൂണിറ്റിനുവേണ്ടി ഭൂമി വിട്ടുനൽകിയവരുടെ ഫൈനൽ സെറ്റിൽമെന്റ് 08-07-2024-ന് നടക്കുകയുണ്ടായി. ആയത് തീരുമാനിക്കുന്ന മുറയ്ക്ക് നിലവിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന എവിക്റ്റീസിന്റെ ജോലി സ്ഥിരത സംബന്ധിച്ച വിഷയം സർക്കാർ പരിഗണിക്കുന്നതാണ്. അവരിൽ 25-ഓളം പേർ കോടതി മുമ്പാകെ കൊടുത്ത നഷ്ടപരിഹാര കേസിൽ സർക്കാരുമായും കേരള ഫീഡ്സുമായും കോടതി മുഖേന ധാരണയായിട്ടുണ്ട്. അവർക്ക് ധാരണപ്രകാരമുള്ള തുക മൂന്നുമാസത്തിനുള്ളിൽ കൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇവരിൽ അധികമായി തുക വാങ്ങിയവർ കമ്പനിക്ക് തിരികെ നൽകേണ്ട കാലാവധി 18 മാസംകൊണ്ട് അടയ്ക്കാമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. മുൻധാരണ പ്രകാരം കോടതിവിധിയുടെ അടിസ്ഥാനത്തിൽ ഇവർക്ക് കമ്പനിയിൽ വിദ്യാഭ്യാസ യോഗ്യതയനുസരിച്ച് സ്ഥിര ജോലി സർക്കാർ ഉത്തരവ് തീയതി മുതൽ നൽകാമെന്നാണ് വ്യവസ്ഥ. പി.എസ്.സി നിയമനത്തിനായി നിശ്ചയിച്ചിട്ടുള്ള തസ്തികകളിൽ നിയമനം നൽകുവാനോ മുൻകാല പ്രാവല്യത്തിൽ നൽകുവാനോ കഴിയില്ല.

കയറ്റിറക്ക് തൊഴിലാളികളുടെ കാര്യത്തിൽ എഗ്രിമെന്റ് പുതുക്കൽ, പെൻഷൻ ആനുകൂല്യങ്ങൾ, ഐഡന്റിറ്റി കാർഡ്, ആശ്രിത നിയമനം തുടങ്ങിയ വിഷയങ്ങളിൽ ചിലത് പരിഹരിച്ചിട്ടുണ്ട്. കയറ്റിറക്ക് തൊഴിലാളികൾക്ക് പെൻഷൻ ആനുകൂല്യവും സ്ഥിര നിയമനവും നൽകാനാവില്ല. ഐഡന്റിറ്റി കാർഡ് വിതരണം ചെയ്തിട്ടുണ്ട്. മറ്റു പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തുമെന്നും മാനേജ്മെന്റ് അറിയിച്ചിട്ടുണ്ട്.

(42) കുണ്ടറയിലെ ആരോഗ്യ കേന്ദ്രങ്ങളുടെ നിലവാരം മെച്ചപ്പെടുത്തൽ സംബന്ധിച്ച് ശ്രീ. പി. സി. വിഷ്ണുനാഥ് എം.എൽ.എ.-ഉന്നയിച്ച സബ്മിഷന് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ് )നൽകിയ മറുപടി

കുണ്ടറ നിയോജക മണ്ഡലത്തിന്റെ പരിധിയിൽ കുണ്ടറ താലൂക്ക് ആശുപത്രി, സാമൂഹ്യാരോഗ്യ കേന്ദ്രം, നെടുമ്പന കുടുംബാരോഗ്യ കേന്ദ്രങ്ങളായ പെരുമൺ, പേരയം, പെരിനാട്, ഇളമ്പള്ളൂർ, തൃക്കോവിൽവട്ടം, പ്രാഥമികാരോഗ്യ കേന്ദ്രം, കൊറ്റങ്കര എന്നീ ആരോഗ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

ആർദ്രം പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് തെരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ രോഗീ സൗഹൃദമായി ഒ.പി. നവീകരണ അനുബന്ധ പ്രവൃത്തികളും വെയിറ്റിംഗ് ഏരിയ സജ്ജമാക്കൽ, കുടിവെള്ള സംവിധാനം, ടോക്കൺ സിസ്റ്റം, പബ്ലിക് അഡ്രസ്സ് സിസ്റ്റം, റാംപ് സംവിധാനം, ബയോ മെഡിക്കൽ വേസ്റ്റ് കളക്ഷൻ സംവിധാനം, ടെലിവിഷൻ തുടങ്ങിയ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.

**താലൂക്ക് ആശുപത്രി, കുണ്ടറ**

കുണ്ടറ താലൂക്ക് ആശുപ്രതിയിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 76.13 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കുകയും പുതിയ 8 നില കെട്ടിടത്തിന്റെ പണി ദ്രുതഗതിയിൽ നടന്ന് വരികയാണ്. കെട്ടിടത്തിന്റെ ഏകദേശം 80 ശതമാനത്തോളം പണി പൂർത്തീകരിച്ചു.

കുണ്ടറ താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിലേയ്ക്കായി പ്ലാൻ ഫണ്ടിൽ നിന്നും 7 ഡയാലിസിസ് മെഷീൻ വാങ്ങിയിട്ടുണ്ട്.

42 സ്ഥിരം ജീവനക്കാരുടെ അംഗീകൃത തസ്തികകൾ ഈ ആശുപത്രിയിലുണ്ട്. കൂടാതെ എൻ.എച്ച്.എം./എച്ച്.എം.സി./ ആർ.എസ്.ബി.വൈ. മുഖേന നിയമിച്ച 58 താൽക്കാലിക ജീവനക്കാരും ഇവിടെ സേവനം അനുഷ്ഠിച്ചുവരുന്നു. ആശുപത്രിയുടെ ലാബ് സൗകര്യം മെച്ചപ്പെടുത്തുന്നതിനായി കൾച്ചർ സാമ്പിൾ, ക്യാൻസർ സ്ക്രീനിംഗ് സാമ്പിൾ തുടങ്ങിയവ ഹബ് & സ്പോക്ക് ലാബ് നെറ്റ്‌വർക്കിംഗ് സംവിധാനത്തിലൂടെ

ജില്ലാ ആശുപത്രിയിലെ എ.എം.ആർ. ലാബിലും പി.എച്ച്. ലാബിലും എത്തിച്ച് പരിശോധന നടത്തി റിപ്പോർട്ട് നൽകിവരുന്നു.

**<u>സാമൂഹ്യാരോഗ്യ കേന്ദ്രം, നെടുമ്പന</u>**

നെടുമ്പന സാമൂഹ്യാരോഗ്യ കേന്ദ്രത്തെ ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിന് തിരഞ്ഞെടുക്കുകയും ഇതിനായി സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽനിന്ന് 37.5 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. ലാബ് വെയ്റ്റിംഗ് ഏരിയ സൗകര്യം, സാമ്പിൾ ഏരിയ കളക്ഷൻ സംവിധാനം, ശുചിമുറി സൗകര്യം, ഇലക്ട്രിക്കൽ വർക്കുകൾ തുടങ്ങിയ പ്രവൃത്തികൾ ഇതിൽ ഉൾപ്പെടുത്തുകയും ആയതിലേയ്ക്കുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ 90 ശതമാനം പണികളും പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ലാബ് സൗകര്യങ്ങൾ മെച്ചപ്പെടുത്തി 45-ൽ പരം  ടെസ്റ്റുകൾ ചെയ്യുന്ന രീതിയിൽ സജ്ജമാക്കിയിട്ടുണ്ട്. ജീവിതശൈലീ രോഗനിർണ്ണയ പരിപാടിയായ ശൈലീ സർവ്വേയുടെ ഒന്നാം ഘട്ടം പൂർത്തീകരിച്ചു. NCD റിസ്ക് സ്ക്രീനിംഗ്, ഓറൽ ക്യാൻസർ സ്ക്രീനിംഗ്, ബ്രെസ്റ്റ് ക്യാൻസർ സ്ക്രീനിംഗ് എന്നിവയും അവയുടെ ബോധവൽക്കരണവും നടന്നുവരുന്നു.

**<u>കുടുംബാരോഗ്യ കേന്ദ്രം, ഇളമ്പള്ളൂർ</u>**

ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ പ്രാഥമികാരോഗ്യ കേന്ദ്രമാണിത്. ഇതിനായി 14 ലക്ഷം രൂപ അനുവദിച്ചു. ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് വേണ്ടി ഡോക്ടർ - 1, സ്റ്റാഫ് നഴ്സ് - 2, ഫാർമസിസ്റ്റ് - 1 എന്നിങ്ങനെ 4 പുതിയ തസ്തികകൾ സൃഷ്ടിച്ചു. രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ ഒ.പി. സമയം ദീർഘിപ്പിച്ചു.

HbA1C അനലൈസർ, ഹെമറ്റോളജി അനലൈസർ തുടങ്ങിയ ഉപകരണങ്ങൾ ലാബിൽ നൽകിക്കൊണ്ട് രോഗനിർണ്ണയ സൗകര്യങ്ങൾ മെച്ചപ്പെടുത്തി. 2022-23 ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് 2024 ജൂൺ മാസത്തിൽ ഹോർമോൺ അനലൈസർ വാങ്ങുകയും 55 ടെസ്റ്റുകൾ ചെയ്യത്തക്ക രീതിയിൽ ലാബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്തു. ഈ സ്ഥാപനത്തിന് 2020-ൽ കായകൽപ്പ അവാർഡും 2022-ൽ ദേശീയ അംഗീകാരമായ NQAS സർട്ടിഫിക്കറ്റും ലഭിച്ചിട്ടുണ്ട്. ആർദ്രം നിഷ്കർഷിക്കുന്ന SWAAS, ASWAAS ക്ലിനിക്കുകൾ കൃത്യമായി ആഴ്ച

തോറും നടന്നുവരുന്നു. വിഷാദരോഗ നിർണ്ണയവും സമ്പൂർണ്ണ മാനസികാരോഗ്യ പരിപാടിയിലുൾപ്പെടുത്തി മാനസിക രോഗം കണ്ടെത്തിയ രോഗികൾക്കായുള്ള ചികിത്സയും നടന്നുവരുന്നു.

**കുടുംബാരോഗ്യ കേന്ദ്രം, പെരിനാട്**

ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി. ഇതിനായി 18.59 ലക്ഷം രൂപ അനുവദിച്ചു. ഡോക്ടർ - 1, സ്റ്റാഫ് നഴ്സ് - 1 എന്നീ പുതിയ തസ്തികകൾ സൃഷ്ടിച്ചു. രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ ഒ.പി. സമയം ദീർഘിപ്പിച്ചു. SWAAS, ASWAAS എന്നീ ക്ലിനിക്കുകൾ, എൻ.സി.ഡി. പാലിയേറ്റീവ് ക്ലിനിക്ക് തുടങ്ങിയവയും പ്രവർത്തിക്കുന്നുണ്ട്.

**കുടുംബാരോഗ്യ കേന്ദ്രം, പേരയം**

ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുള്ള സ്ഥാപനമാണിത്. ഇതിനായി 18.58 ലക്ഷം രൂപ അനുവദിച്ചു. ഒരു ഡോക്ടറുടെ പുതിയ തസ്തിക സൃഷ്ടിച്ചു.

**കുടുംബാരോഗ്യ കേന്ദ്രം, തൃക്കോവിൽവട്ടം**

ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമാക്കി ഈ ആശുപത്രിയെ ഉയർത്തി. ഇതിനായി 22.16 ലക്ഷം രൂപ അനുവദിച്ചു. ഡോക്ടർ-1, സ്റ്റാഫ് നഴ്സ്- 1 എന്നിങ്ങനെ പുതിയ തസ്തികകൾ സൃഷ്ടിച്ചു.

**കുടുംബാരോഗ്യ കേന്ദ്രം, പെരുമൺ**

ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമാക്കി ഈ ആശുപത്രിയെ ഉയർത്തി. ഇതിനായി 14 ലക്ഷം രൂപ അനുവദിച്ചു. ഡോക്ടർ-1, സ്റ്റാഫ് നഴ്സ്-1 എന്നിങ്ങനെ പുതിയ തസ്തികകൾ സൃഷ്ടിച്ചു.

**പ്രാഥമികാരോഗ്യ കേന്ദ്രം, കൊറ്റങ്കര**

ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന് തിരഞ്ഞെടുക്കുകയും 7 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. പ്രസ്തുത പ്രവൃത്തിയുടെ സ്കോപ് റിവിഷൻ വരികയും ആയതിന്റെ ഡി.പി.ആർ. തയ്യാറാക്കി വരികയും ചെയ്യുന്നു.

കുണ്ടറ നിയോജക മണ്ഡലത്തിലെ ആരോഗ്യ ഉപകേന്ദ്രങ്ങളെ ജനകീയാരോഗ്യ കേന്ദ്രങ്ങളായി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കണ്ടറ, മുളവന, കണ്ടച്ചിറ, പടപ്പക്കര, പേരയം മെയിൻ സെന്റർ, ചെമ്മക്കാട്, കേരളപുരം, അമ്പിപൊയ്ക, പെരുംപുഴ, ഇളമ്പല്ലൂർ മെയിൻ സെന്റർ, മെക്കോൺ, പുനുക്കന്നൂർ, കിഴവൂർ, മുഖത്തല, തട്ടാർക്കോണം, നെടുമ്പന, പള്ളിമൺ, പുലിയില, മൈലാപ്പൂർ, വെള്ളിമൺ എന്നിങ്ങനെ 20 സബ് സെന്ററുകളെ ജനകീയാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് തിരഞ്ഞെടുക്കുകയും നടപടി സ്വീകരിച്ച് വരികയും ചെയ്യുന്നുണ്ട്. 18 സ്ഥാപനങ്ങൾക്ക്, ഓരോ സ്ഥാപനത്തിനും 7 ലക്ഷം രൂപ വച്ച്, മൊത്തം 1.26 കോടി രൂപ ഇതിനായി അനുവദിച്ചിട്ടുണ്ട്. ഇതിൽ 5 ജനകീയാരോഗ്യ കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മറ്റുള്ളവയുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ ഉൾപ്പെടുത്തി കെട്ടിടമില്ലാത്ത മൈലാപ്പൂർ, വെള്ളിമൺ എന്നീ ജനകീയാരോഗ്യ കേന്ദ്രങ്ങൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 55 ലക്ഷം രൂപ വീതം അനുവദിക്കുകയും തുടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

എല്ലാ ജനകീയാരോഗ്യ കേന്ദ്രങ്ങളിലും ജെ.എച്ച്.ഐ., ജെ.പി.എച്ച്.എൻ., എം.എൽ.എസ്.പി. എന്നിവരുടെ സേവനം ഉറപ്പ് വരുത്തിയിട്ടുണ്ട്.

മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളുടെയും ജനകീയാരോഗ്യ കേന്ദ്രങ്ങളുടെയും പ്രവർത്തനങ്ങൾ കൃത്യമായ ഇടവേളകളിൽ വിലയിരുത്താറുണ്ട്. എല്ലാ മാസവും പൊതുജനാരോഗ്യ പ്രവർത്തനം നടത്തുന്ന ഉദ്യോഗസ്ഥരുടെ റിവ്യൂ യോഗങ്ങളും ചേരാറുണ്ട്.

(43) ആരോഗ്യ ഇൻഷുറൻസ് സംബന്ധിച്ച് ശ്രീ. ലിന്റോ ജോസഫ്, എം.എൽ.എ.-ഉന്നയിച്ച സബ്മിഷന് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) നൽകിയ മറുപടി

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) പ്രകാരം 2019 മുതൽ അർഹരായ ഗുണഭോക്താക്കൾക്ക് സൗജന്യ ചികിത്സ നൽകി വരുന്നുണ്ട്. 2018-2019 കാലയളവിൽ സാധുതയുള്ള RSBY/CHIS കാർഡ് കൈവശമുള്ളവർക്കാണ് പദ്ധതിയിൽ അംഗത്വമെടുക്കുവാൻ കഴിയുന്നത്. RSBY/CHIS വിഭാഗങ്ങൾക്കുപുറമെ കേന്ദ്ര സർക്കാർ 2011-ലെ സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് പ്രകാരം തെരഞ്ഞെടുത്ത ദുർബല വിഭാഗങ്ങളും പദ്ധതിയിൽ ഉൾപ്പെടുന്നതിന് അർഹരാണ്.

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം 5 ലക്ഷം രൂപ വരെയുള്ള വാർഷിക ചികിത്സാ ആനുകൂല്യങ്ങൾ പദ്ധതിയിൽ അംഗമായിട്ടുള്ള ഗുണഭോക്താക്കളുടെ കുടുംബത്തിലെ മുഴുവൻ അംഗങ്ങൾക്കുമായി പൊതു സ്വകാര്യ മേഖലകളിൽ നിന്നും പദ്ധതിയിൽ എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള സർക്കാർ, സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെയുള്ള 577 ആശുപത്രികൾ വഴി

ലഭിക്കുന്നതാണ്. 2020 മുതൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖാന്തരമാണ് സംസ്ഥാനത്ത് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നത്.

ഗുണഭോക്താക്കൾക്ക് ചികിത്സ തേടുന്ന സമയത്ത് കാർഡുകൾ എടുക്കുന്നതിന് പദ്ധതിയിൽ എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള ആശുപത്രികളുടെ കാസ്പ് കിയോസ്കുകളിൽ സംവിധാനം ഒരുക്കിയിട്ടുണ്ട്. ഇതിനായി പദ്ധതി നടപ്പാക്കുന്ന എല്ലാ ആശുപത്രികളിലും പ്രത്യേക കിയോസ്കുകൾ പ്രവർത്തിച്ച് വരുന്നു. റേഷൻകാർഡ്, ആധാർ കാർഡ് മുതലായ രേഖകൾ സഹിതം ഗുണഭോക്താവ് പ്രസ്തുത കിയോസ്കുകളെ സമീപിക്കുകയും പദ്ധതിയിലെ ഗുണഭോക്തൃ നിർണ്ണയത്തിനുശേഷം ചികിത്സാ കാർഡ് ഗുണഭോക്താവിന് നൽകുകയും തുടർന്ന് ഇതിന്റെ അടിസ്ഥാനത്തിൽ ചികിത്സാ സേവനങ്ങൾ നൽകുകയുമാണ് ചെയ്തുവരുന്നത്.

മേൽപ്പറഞ്ഞ വിഭാഗങ്ങളിൽ വരാത്ത കാസ്പിന്റെ ആനുകൂല്യത്തിന് അർഹരല്ലാത്ത കുടുംബങ്ങൾക്ക് വാർഷിക വരുമാനം 3 ലക്ഷത്തിന് താഴെ ആണെങ്കിൽ കാരുണ്യ ബെനവലന്റ് ഫണ്ട് (കെ.ബി.എഫ്.) പദ്ധതിയിൽ സൗജന്യ ചികിത്സ ലഭിക്കുന്നതാണ്. ഈ പദ്ധതി പ്രകാരം 2 ലക്ഷം രൂപയുടെ

ചികിത്സ പരിരക്ഷ ലഭിക്കും. വൃക്ക സംബന്ധമായ രോഗങ്ങൾക്ക് ഒരു ലക്ഷം രൂപ വരെ അധിക ചികിത്സ ആനുകൂല്യം ഈ പദ്ധതി മുഖേന ലഭിക്കുന്നതുമാണ്.

കൂടാതെ എസ്.എച്ച്.എ. മുഖാന്തരം ആരോഗ്യ കിരണം പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. രാഷ്ട്രീയ ബാല സ്വാസ്ഥ്യ കാര്യക്രം (ആർ.ബി.എസ്.കെ.) പ്രകാരം ചികിത്സാ സഹായം ലഭിക്കുന്ന 30 രോഗങ്ങൾക്ക് പുറമെയുള്ള എല്ലാ രോഗങ്ങൾക്കും ആരോഗ്യകിരണം പദ്ധതിയിലൂടെ, APL/BPL വ്യത്യാസമില്ലാതെ, ചികിത്സ സഹായം ലഭിക്കും. ഈ പദ്ധതിയിലൂടെ മരുന്നുകൾ, പരിശോധനകൾ, ചികിത്സകൾ എന്നിവ എല്ലാ സർക്കാർ ആശുപത്രികളിൽ നിന്നും സൗജന്യമായി ലഭിക്കും. ഒരു വയസ്സ് മുതൽ പതിനെട്ട് വയസ്സുവരെ പ്രായമുള്ള കുട്ടികൾ ഈ പദ്ധതി പ്രകാരം ചികിത്സയ്ക്ക് അർഹരാണ്.

ശ്രവണവൈകല്യമുള്ള കുട്ടികൾക്ക് സൗജന്യ കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയയും അനുബന്ധ സേവനങ്ങളും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ

എസ്.എച്ച്.എ. നിലവിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് ശ്രുതി തരംഗം. അഞ്ച് വയസ്സുവരെയുള്ള കുട്ടികൾക്ക് ഈ പദ്ധതിയിൽ അർഹതയുണ്ട്.

മേൽപ്പറഞ്ഞ പദ്ധതികൾ വഴി സംസ്ഥാനത്തെ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് സമഗ്ര ആരോഗ്യ പരിരക്ഷ സംസ്ഥാന സർക്കാർ ഉറപ്പാക്കിയിട്ടുണ്ട്.

നാളിതുവരെയുള്ള കണക്കുകൾ പ്രകാരം 21.50 ലക്ഷത്തോളം ഗുണഭോക്താക്കൾക്ക് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി മുഖേന സൗജന്യ ചികിത്സ നൽകി. ആയതുവഴി 5974.57 കോടി രൂപയുടെ സേവനങ്ങൾ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി ഗുണഭോക്താക്കൾക്കായി നൽകിയിട്ടുണ്ട്. ഈ കണക്കിൽ 655.34 കോടി രൂപ മാത്രമാണ് കേന്ദ്ര വിഹിതമായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് അനുവദിച്ചിട്ടുള്ളത്. ഫലത്തിൽ പദ്ധതിയുടെ ആകെ ചെലവിന്റെ ഏകദേശം 12 ശതമാനത്തോളം മാത്രമാണ് കേന്ദ്രവിഹിതമായി ലഭ്യമാകുന്നത്.

ഈ സാമ്പത്തിക വർഷം ഇതുവരെ സംസ്ഥാന സർക്കാർ 444.60 കോടി രൂപ (കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച 75.6 കോടി രൂപയും ചേർത്ത്) അനുവദിച്ചിട്ടുണ്ട്.

കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയിൽ (കാസ്പ്) ഗുണഭോക്താക്കളാകാൻ അർഹതപ്പെട്ട ഏതെങ്കിലും ആളുകൾ ഒഴിവായിട്ടുണ്ടെങ്കിൽ അവരെ ഉൾപ്പെടുത്തുന്നതിന് ദേശീയ ഹെൽത്ത് അതോറിറ്റിയിൽ നിന്നും അനുമതി ലഭിക്കുന്നതിനും അതോടൊപ്പം അതിന് ആനുപാതികമായ കേന്ദ്ര വിഹിതം അധികമായി ലഭ്യമാക്കുന്നതിനും ആവശ്യമായ കാര്യങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നുണ്ട്.